പ്രതികരണം

# അങ്ങനെ, പെണ്ണ് ആദരിക്കപ്പെടുന്നു

കെ.പി ഇസ്മാഈൽ കണ്ണൂർ

**‘അങ്ങനെ,** പെണ്ണ് ആദരിക്കപ്പെടുന്നു’- റാശിദുൽ ഗനൂശിയുടെ ലേഖന പരമ്പര വായിച്ചുതീർന്നപ്പോൾ അങ്ങനെ ആശ്വസിക്കാൻ തോന്നി. *പ്രബോധന*ത്തിൽ ഇന്നോളം പ്രസിദ്ധീകരിക്കപ്പെട്ട സമുജ്ജ്വലമായ പ്രബന്ധങ്ങളിലൊന്നാണ് റാശിദുൽ ഗനൂശിയുടെ ‘സ്ത്രീ: ഖുർആനിലും മുസ്‌ലിം ജീവിതത്തിലും’ എന്ന പരമ്പര (2009 മെയ് 9-ജൂൺ 27).

പെണ്ണിനെതിരെ സമുദായം കെട്ടിയുയർത്തിയ അടിമത്തത്തിന്റെയും അധഃസ്ഥിതിയുടെയും കന്മതിലുകൾ തകർന്നു വീഴുന്നത് കാണുന്നത് കൗതുകകരവും ആഹ്ലാദകരവുമാണ്. ‘പിന്നാക്കാവസ്ഥക്കും അധഃപതനത്തിനും വഴിവെച്ച ചിന്താധാരകളെ കണ്ടെത്തി അവയെ നിരായുധമാക്കാനും ദുർബലമാക്കാനും കഴിയേണ്ടതുണ്ട്’ എന്ന ഗനൂശിയുടെ വാക്കുകൾ ഈ ചർച്ചയുടെ ആവശ്യകതയെന്ത് എന്നു ചോദിക്കുന്നവർക്കുള്ള യുക്തിഭദ്രമായ മറുപടിയാണ്.

ഖുർആൻ വ്യാഖ്യാനത്തിൽ വിചിത്രവും അടിസ്ഥാനരഹിതവുമായ വാദങ്ങൾ കടത്തിക്കൂട്ടി സ്ത്രീയെ അടിച്ചമർത്താനും രണ്ടാംകിട സൃഷ്ടിയാക്കി തരംതാഴ്ത്താനുമുള്ള ശ്രമം നൂറ്റാണ്ടുകളായി തുടർന്നുവരികയായിരുന്നു. ഈ അനീതിക്കെതിരെ ശക്തമായി തൂലിക ചലിപ്പിക്കാൻ ആണിന്റെ ഭാഗത്തുനിന്ന് ആളുണ്ടായി എന്നതാണ് റാശിദുൽ ഗനൂശിയുടെ പഠനത്തെ വ്യതിരിക്തവും ശ്രദ്ധേയവുമാക്കുന്നത്.

പെണ്ണിനെ വിമോചിപ്പിക്കാൻ വന്ന ഖുർആനെതന്നെ അവളെ അടിക്കാനും ഒതുക്കാനുമുള്ള വടിയായി ഉപയോഗിച്ചു എന്നതാണ് ഏറെ ദുഃഖകരം. കുരങ്ങന്റെ കൈയിലെ പൂമാല പോലെ ഖുർആന്റെ വിപ്ലവകരവും ആശയസമ്പുഷ്ടവുമായ വാക്യങ്ങളെ വ്യാഖ്യാനിച്ച് വികൃതമാക്കുകയായിരുന്നു. എത്രത്തോളമെന്നാൽ പെണ്ണ് എന്ന പിശാചിനെക്കുറിച്ച് മുന്നറിയിപ്പ് നൽകാനാണ് ദൈവം ഖുർആൻ ഇറക്കിയതുതന്നെ എന്നു തോന്നുമാറ് ഭീകരവും ലജ്ജാവഹവുമായിരുന്നു വ്യാഖ്യാനങ്ങളും അവയുടെ ആഘോഷങ്ങളും. ഒരു കാര്യത്തിനും കൊള്ളാത്ത പുരുഷന്മാർ വരെ സ്ത്രീയെ കല്ലെറിയാൻ ധൈര്യപ്പെട്ടു. ആണിന്റെ ലക്ഷണമുണ്ടായാൽ മതി അവൻ സർവജ്ഞനും സർവാധികാരിയുമായി എന്ന മട്ടിലായിരുന്നു സ്ത്രീയെക്കുറിച്ചുള്ള ചില പുരുഷ പരാമർശങ്ങൾ. പെണ്ണിനെ മെരുക്കാനും അനുസരിപ്പിക്കാനും അധികാരമുള്ള പോലീസുകാരായാണ് സകല ആണിനെയും പടച്ചവൻ സൃഷ്ടിച്ചിട്ടുള്ളത് എന്നാണ് ഏതു പൊണ്ണനായ ആൺകോയ്മാ വാദിയുടെയും വിചാരം. പല ദാമ്പത്യബന്ധങ്ങളും തകരാനുള്ള ഒരു കാരണം അറിവില്ലായ്മയിൽനിന്നുണ്ടായ ഈ അഹന്തയാണ്. ഈയൊരു ലജ്ജാവഹവും പരിതാപകരവുമായ അവസ്ഥയിലാണ് സ്ത്രീയുടെ യഥാർഥ സ്ഥാനം കണ്ടെത്താനുള്ള ശ്രമങ്ങൾ അഭിനന്ദനീയവും പുണ്യകർമവു

**പെണ്ണിനെ മെരുക്കാനും അനുസരിപ്പിക്കാനും അധികാരമുള്ള പോലീസുകാരായാണ് സകല ആണിനെയും പടച്ചവൻ സൃഷ്ടിച്ചിട്ടുള്ളത് എന്നാണ് ഏതു പൊണ്ണനായ ആൺകോയ്മാ വാദിയുടെയും വിചാരം. പല ദാമ്പത്യബന്ധങ്ങളും തകരാനുള്ള ഒരു കാരണം അറിവില്ലായ്മയിൽനിന്നുണ്ടായ ഈ അഹന്തയാണ്. ഈയൊരു ലജ്ജാവഹവും പരിതാപകരവുമായ അവസ്ഥയിലാണ് സ്ത്രീയുടെ യഥാർഥ സ്ഥാനം കണ്ടെത്താനുള്ള ശ്രമങ്ങൾ അഭിനന്ദനീയവും പുണ്യകർമവുമാകുന്നത്.**

മാകുന്നത്.

ആദമിന്റെ സന്തതികളിൽ ഖാബീൽ ആബീലിനെ കൊന്നുവെങ്കിലും അതിന്റെ പേരിൽ ആൺവർഗം കൊലയാളിയുടെ വർഗമാണെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ വിധിയെഴുതിയില്ല. എന്നാൽ ഈജിപ്തിലെ രാജാവിന്റെ ഭാര്യ കുതന്ത്രം പ്രയോഗിച്ചതിന് അന്ത്യനാൾ വരെയുള്ള സകല സ്ത്രീകളും കുതന്ത്രക്കാരാണെന്ന് വിധിയെഴുതാൻ ചില വ്യാഖ്യാതാക്കൾക്ക് ഒട്ടും അറപ്പുണ്ടായില്ല. നമ്മുടെ പണ്ഡിതന്മാർ ദീനിന് ഏറെ സേവനങ്ങൾ ചെയ്തതുപോലെതന്നെ വളരെയേറെ ദ്രോഹവും ചെയ്തിട്ടുണ്ട്. അവയിലേറ്റവും മാരകം സ്ത്രീയുടെ നേർക്ക് എയ്ത ഒളിയമ്പുകളായിരിക്കും. സ്ത്രീയെ പുരുഷന്റെ അടിമയായും ബുദ്ധി കുറഞ്ഞവളായും കീഴാള ജാതിയായും മുദ്രകുത്തി അടിച്ചമർത്തുകയും അപമാനിക്കുകയും ചെയ്തവർ ഖുർആനിക സാഹിത്യത്തിന്റെയും ഇസ്‌ലാമിക ദർശനത്തിന്റെയും സൗഭാഗ്യങ്ങൾ തമസ്കരിച്ചവരാണ്. ഇസ്‌ലാമിൽ സ്ത്രീയുടെ സ്ഥാനവും മഹത്വവും മനസ്സിലാക്കാനും അംഗീകരിക്കാനും സാധിക്കാത്ത ആൺകോയ്മാവാദികൾക്ക് ഇസ്‌ലാമിന്റെയും ഖുർആന്റെയും സൗന്ദര്യം ആസ്വദിക്കാൻ സാധ്യമല്ല. കുവൈത്തിലെ ഇസ്‌ലാമിസ്റ്റുകൾക്ക് പോലും സ്ത്രീയെ തുല്യയായി കാണാൻ കഴിയുന്നില്ലെന്ന വാർത്തയും ഇതിനോട് ചേർത്തുവായിക്കണം. സ്ത്രീകൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനെതിരെ സംഘടനക്കകത്ത് ഇപ്പോഴും കടുത്ത എതിർപ്പുണ്ടത്രെ (*പ്രബോധനം*, 2009 ജൂൺ 13).

നവമുസ്‌ലിമായ അമേരിക്കക്കാരി സിസ്റ്റർ അമീനയുടെ കണ്ടെത്തലുകൾ ശ്രദ്ധേയമാണ്. അവർ എഴുതി: "സ്വർഗം മാതാവിന്റെ കാൽചുവട്ടിലാണ്, സ്ത്രീകൾ പളുങ്കു പാത്രം പോലെയാണ്, നിങ്ങളിൽ ഏറ്റവും ഉത്തമൻ സ്വന്തം ഇണയോട് മാന്യമായി പെരുമാറുന്നവനാണ് എന്നീ പ്രവാചക വചനങ്ങളിൽ സ്ത്രീവാദിയായ ഒരു പ്രവാചകനെയാണ് ഞാൻ കണ്ടത്. എന്നെ കോരിത്തരിപ്പിച്ച പ്രവാചകവചനങ്ങളാണിവയെല്ലാം.... തങ്ങളുടെ പെൺമക്കളെ സ്നേഹത്തോടെ പോറ്റിവളർത്തുകയും മതപരമായ ശിക്ഷണം നൽകുകയും ചെയ്ത ശേഷം അവരെ മാന്യമായി വിവാഹം ചെയ്തയക്കുന്ന പിതാവിന് സ്വർഗം വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. മാതാവിന്റെ കാൽചുവട്ടിലാണ് സ്വർഗമെന്ന് പ്രഖ്യാപിക്കുകയും പിതാവിനേക്കാൾ മൂന്നിരട്ടി ആദരവിനർഹയായി മാതാവിനെ പരിഗണിക്കുകയും ചെയ്തുകൊണ്ട് ഇസ്‌ലാം സ്ത്രീക്ക് നൽകിയ ബഹുമതിയോട് കിടപിടിക്കുന്ന ഒന്നും എവിടെയും ചൂണ്ടിക്കാട്ടാനാവില്ല" (*ഇസ്‌ലാമിലേക്കുള്ള പാത*, പ്രസാധനം: ഐ.പി.എച്ച്).

ഇസ്‌ലാമിലും സ്ത്രീ അടിച്ചമർത്തപ്പെടേണ്ടവളാണെന്നും അവൾക്ക് ഒരു രംഗത്തും പുരുഷനോടൊപ്പം സ്ഥാനമില്ലെന്നും ഏതു സാഹചര്യത്തിലും പുരുഷനെ അനുസരിച്ച് കഴിഞ്ഞുകൂടാൻ ദൈവം സൃഷ്ടിച്ച രണ്ടാം കിട ജീവിയാണ് അവളെന്നും പ്രവൃത്തിയിലൂടെ കാണിച്ചുകൊടുത്ത സമുദായമായിപ്പോയി മുസ്‌ലിംകൾ. ഇതിനെതിരെ ശക്തമായി രംഗത്തുവന്ന എഴുത്തുകാരിയാണ് ആമിനാ വദൂദ്. ജീർണ സമുദായത്തിന്റെ അടിസ്ഥാനരഹിതമായ വാദങ്ങളെ ഖണ്ഡിച്ചുകൊണ്ട് ആമിനാ വദൂദ് എഴുതിയ ശ്രദ്ധേയമായ ഗ്രന്ഥമാണ് Woman In Islam (*ഖുർആൻ ഒരു പെൺ വായന* എന്ന പേരിൽ അത് തർജമ ചെയ്തിട്ടുണ്ട്). ഖുർആൻ വാക്യങ്ങളുടെ വ്യാഖ്യാനത്തിന്റെ മറവിൽ സ്ത്രീയെ എങ്ങനെയെല്ലാം താഴ്ത്തിക്കെട്ടുകയും അടിച്ചമർത്തുകയും ചെയ്തിട്ടുണ്ടെന്ന് അവർ സമർഥിക്കുന്നുണ്ട്. സ്ത്രീയുടെ സ്ഥാനത്തെപ്പറ്റി പുസ്തകമെഴുതിയതിന്റെ പേരിൽ പോലും താൻ അവമതിക്കപ്പെട്ടിട്ടുണ്ടെന്ന് അവർ സങ്കടപ്പെടുന്നു. സ്ത്രീവിരോധം എത്ര ആഴത്തിലുള്ളതാണെന്നാണ് ഇത് കാണിക്കുന്നത്. ആമിനാ വദൂദ് എഴുതുന്നു: " എല്ലാ മനുഷ്യർക്കും വഴികാട്ടേണ്ടുന്നത് ഖുർആനാണ്; വ്യാഖ്യാനങ്ങളല്ല. എന്നിട്ടും പ്രശ്നങ്ങൾക്ക് പരിഹാരം തേടി പഴയതും പുതിയതുമായ ഖുർആൻവ്യാഖ്യാനങ്ങളെ സമീപിക്കുന്ന പ്രവണതയാണ് മുസ്‌ലിംകൾക്കിടയിൽ കാണുന്നത്... മൂലഗ്രന്ഥമായ ഖുർആൻ ഏറക്കുറെ വിസ്മൃതമായി എന്നുതന്നെ പറയാം....

"ഇങ്ങനെയൊരു പുസ്തകം എഴുതിയതിന്റെ പേരിൽ എന്നെ ചീത്തവിളിക്കുന്നവരുണ്ട്; വസ്തുതാപരമായ വിമർശനങ്ങൾ ഉന്നയിക്കാതെ. ഒരു ഫെമിനിസ്റ്റാണെന്ന് ഒരിക്കലും ഞാൻ എന്നെക്കുറിച്ച് പറഞ്ഞിട്ടില്ല, പെണ്ണായ ഒരു മനുഷ്യജീവിയാണ് ഞാൻ. അതുകൊണ്ട് മനുഷ്യന്റെ അന്തസ്സുയർത്തിർത്തിപ്പിടിക്കാൻ വേണ്ടി വാദിക്കുന്നു. നിൽക്കുന്നത് മനുഷ്യന്റെ പക്ഷത്താണ്. ഒരു പെണ്ണിന് മനുഷ്യരുടെ പക്ഷത്ത് നിൽക്കാൻ പാടില്ല എന്നാണെങ്കിൽ എനിക്കൊന്നും പറയാനില്ല" (*ഖുർആൻ ഒരു പെൺവായന*). എത്ര അടിച്ചമർത്തിയാലും സത്യം ഒരിക്കൽ പുറത്തുവരും എന്നതിന്റെ തെളിവാണ് റാശിദുൽ ഗനൂശിയുടെയും ആമിനാ വദൂദിന്റെയും പഠനങ്ങൾ.

മനോഹരമായ ദർശനമാണ് ഇസ്‌ലാം. അതിന്റെ വാഹകരായി അല്ലാഹു നിശ്ചയിച്ചിട്ടുള്ളത് സ്ത്രീയെയും പുരുഷനെയുമാണ്. അതിൽ ഒരു വിവേചനവുമില്ല. പക്ഷേ, മുസ്‌ലിംകളുടെ ജീവിതം ഇസ്‌ലാമിന്റെ മേൽ ഒരു കനത്ത മറ ഇട്ടിരിക്കുകയാണ്. സ്ത്രീയുടെ നേരെയുള്ള മനോഭാവമാണ് അവയിലേറ്റവും നികൃഷ്ടം. ഈ അവസ്ഥ കണ്ടിട്ടാണ് പുറത്തുള്ളവർ മുസ്‌ലിം സ്ത്രീയുടെ ദയനീയതയെക്കുറിച്ച് വിലപിക്കുന്നത്.

"പുരുഷനോ സ്ത്രീയോ ആരാവട്ടെ. സത്യവിശ്വാസിയായിരിക്കെ സൽക്കർമം പ്രവർത്തിക്കുന്നവർക്ക് നിശ്ചയമായും നാം മെച്ചപ്പെട്ട ജീവിതം നൽകും. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റം ഉത്തമമായതിന് അർഹമായ പ്രതിഫലവും നാമവർക്ക് കൊടുക്കും" (ഖുർആൻ 16:97). ■